# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5178 | 24.10.2011-ലെ മറുപടിക്ക്

### പൈങ്കുളം, തിരുവില്വാമല കുടിവെള്ള പദ്ധതികൾ

| ചോദ്യം<br>ശ്രീ. കെ. രാധാകൃഷ്ണൻ | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ചേലക്കര മണ്ഡലത്തിലെ പൈങ്കുളം, തിരുവില്വാമല കുടിവെള്ള പദ്ധതികൾ എപ്പോഴാണ് ആരംഭിച്ചത് ; | (എ) | പൈങ്കുളം കുടിവെള്ള പദ്ധതി 1975-ലും തിരുവില്വാമല കുടിവെള്ള പദ്ധതി 1936-ലുമാണ് ആരംഭിച്ചത്. |
| (ബി) | പദ്ധതികളിൽ സ്ഥാപിച്ചിരിക്കുന്ന പമ്പുകളുടെ കാലപ്പഴക്കം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | തിരുവില്വാമല പദ്ധതിയിലെ 50 എച്ച്.പി. മോട്ടോറുകളിൽ ഒരെണ്ണം 1988-ലും ഒരെണ്ണം 2000-ത്തിലും. 10 എച്ച്.പി മോട്ടോർ 1999-ലും 5 എച്ച്.പി മോട്ടോർ 1996-ലും സ്ഥാപിച്ചിട്ടുള്ളതാണ്. പൈങ്കുളം പദ്ധതിയിലെ 200 എച്ച്.പി-യുടെ മൂന്ന് മോട്ടോറുകൾ 1986-1987 കാലഘട്ടങ്ങളിൽ സ്ഥാപിച്ചവയാണ്. |
| (സി) | കാലപ്പഴക്കം കാരണം പമ്പുകൾ പലപ്പോഴും തകരാറിലായി കുടിവെള്ളവിതരണത്തിന് തടസ്സമുണ്ടാകുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | കാലപ്പഴക്കം ചെന്ന പമ്പുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | പൈങ്കുളം കുടിവെള്ള പദ്ധതിയിൽ 2010-ൽ 200 എച്ച്.പി-യുടെ ഒരു മോട്ടോർ സ്ഥാപിച്ചിട്ടുണ്ട്. 15 വർഷത്തിലേറെ പഴക്കമുള്ള മോട്ടോർ പമ്പ് സെറ്റുകൾ നബാർഡ് ധനസഹായത്തിൽ ഉൾപ്പെടുത്തി സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ